**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 492** **06-12-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളജ് - കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിലെ അക്കാഡമിക് ബ്ലോക്കിന്റേയും കാന്റീൻ ബ്ലോക്കിന്റേയും നിർമ്മാണ പ്രവൃത്തിക്കാവശ്യമായ ജി.ആർ.ഐ.എച്ച്.എ ത്രീ സ്റ്റാർ സ്റ്റാൻഡേർഡ്സ്, ഡി.എസ്.ആർ 2018 എന്നിവ പ്രകാരം നിലവിലുള്ള ജി.എസ്.ടി ഉൾപ്പെടുത്തിക്കൊണ്ട് കിറ്റ്കോ സമർപ്പിച്ചിട്ടുള്ള പുതുക്കിയ പദ്ധതി റിപ്പോർട്ടിനും പ്രൊപ്പോസലിനും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ, വിശദാംശം നൽകുമോ; | (എ) | മലപ്പുറം സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിലെ അക്കാഡമിക് ബ്ലോക്കിന്റേയും കാന്റീൻ ബ്ലോക്കിന്റേയും നിർമ്മാണ പ്രവൃത്തിക്കാവശ്യമായ ജി.ആർ.ഐ.എച്ച്.എ ത്രീ സ്റ്റാർ സ്റ്റാന്റേർഡ്സ്, ഡി.എസ്.ആർ 2018 എന്നിവ പ്രകാരം നിലവിലുള്ള ജി.എസ്.ടി ഉൾപ്പെടുത്തിക്കൊണ്ട് കിറ്റ്കോ സമർപ്പിച്ചിട്ടുള്ള പുതുക്കിയ പദ്ധതി റിപ്പോർട്ടിനും പ്രൊപ്പോസലിനും കിഫ്ബി അംഗീകാരം നൽകിയിട്ടില്ല. കിഫ്ബിയുടെ അംഗീകാരത്തിനായി എസ്.പി.വി ആയ കിറ്റ്കോ സമർപ്പിച്ച പുതുക്കിയ റിപ്പോർട്ടും പ്രൊപ്പോസലും കിഫ്ബി പരിശോധിക്കുകയും കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച്, ആവശ്യമായ രേഖകൾ സഹിതം ഫയൽ പുനഃസമർപ്പിക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് 27-10-2022-ൽ കിറ്റ്കോ-യ്ക്ക് മടക്കി നൽകിയിട്ടുണ്ട്. അത് നാളിതുവരെ കിഫ്ബിയിൽ പുനഃസമർപ്പിക്കപ്പെട്ടിട്ടില്ല. |
| (ബി) | കിഫ്ബി ധനാനുമതി നൽകിയ തുക എത്ര, പദ്ധതിക്ക് സർക്കാർ/എസ്.പി.വി നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ, 2016-ൽ ആരംഭിച്ചതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായ പ്രസ്തുത കോളേജ് കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് ഇനിയും തടസ്സങ്ങളുണ്ടോ; വിശദാംശം നൽകുമോ; | (ബി) | മലപ്പുറം ഡൌൺഹിൽ സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന സൌകര്യ വികസനത്തിനായി കിറ്റ്കോ ആദ്യം സമർപ്പിച്ച പദ്ധതി രേഖ കിഫ്ബി പരിശോധിച്ച ശേഷം. 04-11-2020-ൽ 13.85 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 08-12-2020-ലെ ജി.എം.ഇ.എസ്.ജി/2703/2020/കിഫ്ബി നമ്പർ ഉത്തരവു പ്രകാരം, ടി പദ്ധതിക്ക് ജി.ആർ.ഐ.എച്ച്.എ ത്രീ സ്റ്റാർ സ്റ്റാന്റേഡ്സ് ബാധകമായതിനാലാണ് പുതുക്കിയ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത്. ആയതിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രമേ, ടെക്നിക്കൽ കമ്മിറ്റിയ്ക്ക് സാങ്കേതികാനുമതി നൽകാനാകൂ. 24-02-2018-ലെ സ.ഉ(കൈ) നം.69/2018/ധന നമ്പർ ഉത്തരവു പ്രകാരമുള്ള മാർഗ്ഗ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങളനുസരിച്ച് മേൽ പ്രവൃത്തിക്കായി എസ്.പി.വി ആയ കിറ്റ്കോ സമർപ്പിക്കുന്ന പുതുക്കിയ പ്രൊപ്പോസൽ കിഫ്ബിയിൽ പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേമായി തൃപ്തികരമാകുന്ന പക്ഷം, തുടർന്നു വരുന്ന കിഫ് ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കാവുന്നതാണ്. അതിനു ശേഷം, ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെന്റർ നടപടികൾ സ്വീകരിച്ച ശേഷം, വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി ആണ്. |
| (സി) | എങ്കിൽ കിഫ്ബി ഫണ്ട് വിനിയോഗിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കുവാനും കെട്ടിട നിർമ്മാണം ആരംഭിക്കുവാനും സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി കിറ്റ്കോ സമർപ്പിക്കുന്ന പുതുക്കിയ പ്രൊപ്പോസൽ കിഫ്ബി പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം തുടർന്നു വരുന്ന കിഫ് ബോർഡ് യോഗത്തിന്റെ അംഗീകാരത്തോടെ പദ്ധതിക്ക് ധനാനുമതി നൽകുന്നതാണ്. കിഫ്ബി യുടെ ധനാനുമതിയുടെ അടിസ്ഥാനത്തിൽ, സാങ്കേതികാനുമതി ലഭ്യമാക്കി ടെന്റർ നടപടി സ്വീകരിച്ച് വർക്ക് അവാർഡ് ചെയ്ത് പ്രവൃത്തി ആരംഭിച്ച് പദ്ധതി നടപ്പാക്കുന്ന മുറയ്ക്ക് കിഫ്ബി ഫണ്ട് വിനിയോഗിക്കാവുന്നതാണ്. പ്രവൃത്തി നടപ്പാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി-യ്ക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന പക്ഷം അവ കിഫ്ബിയെ അറിയിക്കുന്ന മുറയ്ക്ക് പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ കിഫ്ബി നൽകാറുണ്ട്. കൂടാതെ, കിഫ്ബി പ്രവൃത്തികളുടെ അവലോകന യോഗങ്ങൾ കിഫ്ബിയുടെ വിവിധ തലങ്ങളിലും ബഹു.മന്ത്രിമാർ/എം.എൽ.എ-മാർ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കിഫ്ബി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ